# ഉൽപത്തിപുസ്തക

## പ്രവേശിക

Introduction to Bible Volume 1



ഡോ. ജോൺസൺ സി. ഫിലിപ്പ്
ഡോ. സനീഷ് ചെറിയാൻ

BRETHREN RESEARCH GROUP

# ഉൽപത്തി പുസ്തക പ്രവേശിക

ഉൽപത്തി പുസ്തകത്തെ അടുത്തറിയുവാൻ സഹായിക്കുന്ന പഠന സഹായി ആണ് ഈ പ്രവേശിക. ഈ പ്രവേശിക പലതവണ വായിച്ചു വിശകലനം ചെയ്യുന്നതോടൊപ്പം ഉൽപത്തി പുസ്തകവും പല ആവർത്തി വായിക്കുമ്പോൾ ആ പഠനം ഏറ്റവും പ്രയോജനകരമായിത്തീരും. ബൈബിളിലെ ഓരോ പുസ്തകത്തിനും ഇതുപോലെ ഒരു പ്രവേശിക (Introduction) ബ്രദറൺ റിസേർച്ച് ഗ്രൂപ്പ് തയ്യാറാക്കുന്നു. ഒറ്റ നോട്ടത്തിൽ ഓരോ പുസ്തകത്തിന്റെയും കേന്ദ്രവിഷയങ്ങൾ മനസ്സിലാക്കാൻ ഇത് ഉപകരിക്കും.

**ഉൽപത്തി പുസ്തകത്തിന് ഒരു മുഖവുര :** പ്രപഞ്ചത്തിന്റെയും മനുഷ്യവർഗ്ഗത്തിന്റെയും ഉൽപത്തി സംബന്ധിച്ചുള്ള അടിസ്ഥാന ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി നൽകുന്ന ഏക പുസ്തകം ബൈബിളിലെ ഉൽപത്തി പുസ്തകമാണ്. മനുഷ്യൻ സ്വന്തം ആശയത്തിൽ നിന്നെഴുതിയ ഒരു സാധാരണ പുസ്തകമല്ല ഉൽപത്തി പുസ്തകം. ദൈവം തന്റെ ദാസനായ മോശയെക്കൊണ്ട് എഴുതിക്കുകയും പിൻതലമുറക്കാരായ യിസ്രായേൽ മക്കൾ (യഹൂദർ) അത് സൂക്ഷിച്ചുവയ്ക്കുകയും പകർത്തിയെഴുതുകയും ചെയ്തു. ദൈവം തന്റെ പദ്ധതി പ്രകാരം നമുക്കു നമ്മുടെ ഭാഷകളിലേക്കു മൊഴിമാറ്റം ചെയ്തു തരികയും ചെയ്തു.

**എഴുത്തുകാരനും എഴുതിയ വർഷവും :** പരിശുദ്ധാത്മ നടത്തിപ്പിനാൽ മോശെയാണ് ഉൽപത്തി പുസ്തകം എഴുതിയത്. പഞ്ചഗ്രന്ഥങ്ങളും (ഉൽപത്തി, പുറപ്പാട്, ലേവ്യ, സംഖ്യ, ആവർത്തനം) ഇയ്യോബിന്റെ പുസ്തകവും ഒരു സങ്കീർത്തനവും മോശെ എഴുതിയിട്ടു്. ഈ പുസ്തകങ്ങളുടെ രചയിതാവ് മോശെയാണെന്ന അറിവ് നമുക്കു വിവിധ നിലകളിൽ ലഭ്യമാണ്. യഹൂദാചരിത്രം ഈ ഗ്രന്ഥങ്ങൾ മോശെയാൽ രചിയ്ക്കപ്പെട്ടതാണെന്നു സാക്ഷ്യപ്പെടുത്തുന്നു. പുതിയ നിയമ എഴുത്തുകാരും യേശുക്രിസ്തുവും മോശെയുടെ എഴുത്തിനെ സാക്ഷ്യപ്പെടുത്തുന്നു്. ഏതൊക്കെ പുസ്തകങ്ങൾ മോശെ എഴുതി എന്നു പറയുന്നതിനു പകരം മോശെ എഴുതിയ പുസ്തകങ്ങളെ കുറിക്കേതിന് മോശെയുടെ പേര് പറയുകയാണ് ചെയ്യുന്നത്. ഉദാഹരണത്തിന് മത്തായി 8:4ൽ നാം ഇങ്ങനെ വായിക്കുന്നു; “യേശു അവനോട് : നോക്കൂ ആരോടും പറയരുത്; അവർക്കു സാക്ഷ്യത്തിന്നായി നീ ചെന്നു നിന്നെത്തന്നെ പുരോഹിതന്നു കാണിച്ചു, മോശെ കല്പിച്ച വഴിപാടു കഴിക്ക.” ഇവിടെ മോശെയുടെ കല്പന എന്നതു മോശെ എഴുതിയ പുസ്തകങ്ങളെയാണ് വിവക്ഷിക്കുന്നത് (ലൂക്കാ. 5:14; ലേവ്യ. 13:2; 14:2).

ഏകദേശം ബി.സി. 1500ൽ മിസ്രയീമിൽ നിന്നും കാനാനിലേക്കുള്ള 40 വർഷക്കാലത്തെ യാത്രയ്ക്കിടയിലാണ് മോശെ ഈ പുസ്തകം എഴുതിയത്. ഈ കാലയളവിൽ ആദാമിന്റെ കാലം മുതൽ തന്റെ പൂർവ്വപിതാക്കന്മാർ എഴുതിവെച്ച ചരിത്രഗ്രന്ഥങ്ങളും വംശാവലികളും പരിശോധിക്കുന്നതിനുള്ള സാവകാശം തനിക്കു ലഭിച്ചിരുന്നു. തനിക്കു മിസ്രയീമിൽ നിന്നു ലഭിച്ച ഭാഷാപരവും സാങ്കേതികവും ശാസ്ത്രീയവുമായ വിദ്യാഭ്യാസം അദ്ദേഹത്തെ വിഷയങ്ങൾ വസ്തുനിഷ്ഠമായി അവതരിപ്പിക്കുന്നതിനു സഹായിച്ചു. തുകൽ ചുരുളുകളും പാപ്പിറസുകളും സുലഭ

മായിരുന്നതിനാൽ എഴുത്ത് മോശെയെ സംബന്ധിച്ചിടത്തോളം വിഷമകരമായിരുന്നില്ല. യിസ്രായേലിന്റെ നായകൻ എന്ന നിലയിൽ വിശ്വസ്തനായ മോശെയെ ദൈവം തന്റെ സൃഷ്ടിയുടെ മഹത്വം രേഖപ്പെടുത്തി വയ്ക്കാൻ തിരഞ്ഞെടുത്തതിൽ അതിശയിക്കാനൊന്നുമില്ല.

**ഉദ്ദേശ്യം :** ഉൽപത്തി എന്ന വാക്കിന്റെ അർത്ഥം ആരംഭം എന്നാണ്. മനുഷ്യൻ ഉൾപ്പെട്ടു നിൽക്കുന്ന പ്രപഞ്ചത്തിന്റെ സൃഷ്ടി, മനുഷ്യന്റെ സൃഷ്ടി, മനുഷ്യന്റെ പതനം, ദൈവിക വാഗ്ദത്തം, ദൈവിക കരുതൽ, രക്ഷയുടെ സന്ദേശം തുടങ്ങിയവയുടെ ആരംഭം നാം ഈ പുസ്തകത്തിൽ കാണുന്നു. മനുഷ്യന്റെ വീഴ്ചയിൽ നിന്നും അവനെ ഉദ്ധരിക്കുവാൻ ദൈവം ഒരു വ്യക്തിയെയും തന്റെ കുടുംബത്തെയും തിരഞ്ഞെടുത്തു രക്ഷകന് വഴിയൊരുക്കുന്നതാണ് പ്രധാന പ്രമേയം. ഈ കുടുംബത്തിൽ നിന്നും വംശത്തിൽ നിന്നുമാണ് രക്ഷകനായ മിശിഹ ജനിപ്പാനിരിക്കുന്നത്.

**ഒറ്റനോട്ടത്തിൽ :** 50 അദ്ധ്യായങ്ങളുള്ള വലിയൊരു പുസ്തകമാണ് ഉൽപത്തി പുസ്തകം. ഈ പുസ്തകം മുഴുവനും ഒരു സംഭവ കഥാ കേന്ദ്രീകൃതമാണ്. തന്മൂലം ഈ അദ്ധ്യായങ്ങളിലെ പ്രമേയത്തെ കൂട്ടിയിണക്കുന്ന ഒരു കേന്ദ്രതന്തു ഉ്. മനുഷ്യന്റെ പതനവും വീടെുപ്പും എന്ന ഈ കേന്ദ്ര തന്തുവിനെ പോഷിപ്പിക്കുന്ന വിഷയങ്ങളാണ് ഈ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നത്.

വാസ്തവത്തിൽ, ഉൽപത്തി പുസ്തകത്തെ പല വീക്ഷണകോണുകളിൽ നിന്നും ദർശിക്കാവുന്നതാണ്. എന്നാൽ ഏതു വീക്ഷണത്തിലും ഈ പുസ്തകത്തിന്റെ കേന്ദ്രവിഷയം സ്പഷ്ടമായി തെളിഞ്ഞുവരും. ദൈവം പ്രപഞ്ചത്തെയും ഭൂമിയെയും സസ്യമൃഗാദികളെയും മനുഷ്യവർഗ്ഗത്തെയും ഏതുവിധം സൃഷ്ടിച്ചു എന്ന വ്യക്തവും കൃത്യവുമായ വിവരണം ഈ പുസ്തകത്തിൽ നിന്നും നമുക്കു ലഭിക്കുന്നു.

മനുഷ്യൻ കേന്ദ്രമായ പ്രപഞ്ചത്തിൽ മനുഷ്യൻ ദൈവത്തോടു കാണിച്ച അനുസരണക്കേടിന്റെ തിക്തഫലങ്ങൾ മനുഷ്യ വർഗ്ഗത്തെയും പ്രപഞ്ചത്തെയും ബാധിച്ച വിധങ്ങളും ഈ പുസ്തകം നമുക്കു നൽകുന്നു. തുടർന്ന് പാപിയായ മനുഷ്യന്നു ദൈവം കൃപയാലും വിശ്വാസത്താലും ഒരുക്കുന്ന രക്ഷയെക്കുറിച്ചുള്ള സൂചനകളും തരുന്നു. ആദാമിന്റെ വംശത്തിൽ നിന്നു തന്നെ രക്ഷികൻ വരും (3:15) എന്നതും നാം കാണുന്നു. മനുഷ്യന്റെ പാപപ്രകൃതത്തെ തന്റെ ഹിതത്തിനൊത്തു വലിച്ചിഴയ്ക്കുന്ന സാത്താന്റെ തന്ത്രാവിഷ്ക്കരണങ്ങളും നാം ഈ പുസ്തകത്തിലുടനീളം കാണുന്നു. മനുഷ്യന്റെ പാപം പെരുകുന്നതോടൊപ്പം പെരുകുന്ന ദൈവകൃപയും കരുണയും കരുതലും ഈ പുസ്തകത്തിൽ നാം കാണുന്നു.

ചുവടെ ചേർക്കുന്ന പട്ടികയിൽ നിന്നും ഉൽപത്തി പുസ്തകത്തിലെ പ്രതിപാദ്യത്തെ രത്നച്ചുരുക്കമായി കാണാവുന്നതാണ്.

| ആര് | മനുഷ്യവംശം | | | | അബ്രഹാമിന്റെ കുടുംബം | | | |
|---|---|---|---|---|---|---|---|---|
| എന്ത് | സൃഷ്ടി | വീഴ്ച | ജല പ്രളയം | രാഷ്ട്ര ങ്ങളുടെ രൂപീ കരണം | അബ്രഹാം | യിസഹാക്ക് | യാക്കോബ് | യോസേഫ് |
| അദ്ധ്യായങ്ങൾ | 1-2 | 3-5 | 6-9 | 10-11 | 12-25:18 | 25:19-26 | 27-36 | 37-50 |
| പ്രമേയം | പ്രധാന സംഭവങ്ങൾ | | | | പ്രധാന വ്യക്തികൾ | | | |
| വിഷയം | ചരിത്രപരം | | | | ജീവചരിത്രപരം | | | |
| | മനുഷ്യവംശം | | | | യഹൂദവംശം | | | |
| സ്ഥാനം | ഫലഭൂയിഷ്ട ഭൂമി (ഏദൻ-ഹാരാൻ) | | | | കനാൻ (ഹാരാൻ-കനൻ) | | മിസ്രയീം (കനാൻ-മിസ്രയീം) | |
| കാലയളവ് | 2000ൽപരം വർഷം (ബി.സി. 4000-ബി.സി. 2166) | | | | 281 വർഷം (2166-1885 ബി.സി) | | 81 വർഷം (1885-1804 ബി.സി.) | |
| പാഠം | ദൈവിക കരുതൽ, ശുദ്ധീകരണം സംരക്ഷണം | | | | വർദ്ധിപ്പിക്കൽ, സംരക്ഷിക്കൽ വ്യാപിപ്പിക്കൽ | | | |

ഉൽപത്തി പുസ്തകത്തിലെ ചരിത്ര വിവരണം പരിശോധിച്ചാൽ 8 ഭാഗങ്ങൾ കാണാം. അതിനെ 4 വീതമുള്ള രു വിഭാഗമായി തിരിക്കാം. ആദ്യത്തേതിൽ മനുഷ്യവംശത്തിന്റെ പൊതു വിവരണവും രാമത്തേതിൽ അബ്രഹാമിന്റെ കുടുംബ ചരിത്രവും കാണാം.

ആദ്യഭാഗത്ത് ആദാമിന്റെ സൃഷ്ടി, പതനം, നോഹയുടെ കാലത്തെ ജലപ്രളയം, ബാബേലിലെ മത്സരം, ദൈവിക ഉദ്ധാരണങ്ങൾ, അച്ചടക്ക നടപടികൾ എന്നിവ കാണുന്നതോടൊപ്പം തങ്കൽ ഭക്തിയോടെ ജീവിക്കുന്ന ശേഷിപ്പിനെ ദൈവം എങ്ങനെ സംരക്ഷിക്കുന്നു എന്നതും കാണാം.

ദ്വിതീയ വിഭാഗത്തിൽ അബ്രഹാമിന്റെ തിരഞ്ഞെടുപ്പും മക്കളില്ലായ്മയിൽ അവർക്കുള്ള പ്രയാസവും മാനുഷിക ചിന്താഗതി പ്രകാരമുള്ള പരിഹാര ശ്രമവും കാണുന്നു. ദൈവം അവർക്കു വാഗ്ദത്ത സന്തതിയായി യിസഹാക്കിനെ നൽകുന്നതും ദാസിയുടെ മകൻ പുറന്തള്ളപ്പെടുന്നതും കാണുന്നു. യിസഹാക്ക് തന്റെ ആദ്യജാതൻ അവകാശിയാകുമെന്നു ചിന്തിച്ചിരുന്നുവെങ്കിലും അവൻ തന്റെ ജ്യേഷ്ഠാവകാശം തുച്ഛീകരിച്ചതുകൊ് അവകാശം യാക്കോബിനു ലഭിച്ചു. യാക്കോബിന്റെ മക്കൾ ദൈവവഴി വിട്ടു വളരെ സഞ്ചരിക്കുകയും പാപം ചെയ്യുകയും ചെയ്തു. അങ്ങനെ ജ്യേഷ്ഠാവകാശം ജ്യേഷ്ഠ സഹോദരന്മാരിൽ നിന്നും യൂദയിലേക്കു കൈമാറ്റം ചെയ്യപ്പെട്ടു.

സഹോദരന്മാരുടെ പാപപ്രവൃത്തികൾമൂലം ദൈവം യോസേഫിനെ മിസ്രയീമിലേക്ക് അയയ്ക്കുകയും, വാഗ്ദത്ത മശിഹാ ജനിപ്പാനിരിക്കുന്ന കുടുംബത്തിനു രക്ഷ ഒരുക്കുകയും ചെയ്തു.

മിസ്രയീമിൽ യോസേഫ് മരിക്കുന്ന വിവരണത്തോടെയാണ് ഉൽപത്തി പുസ്തകം അവസാനിക്കുന്നത്.

**ദൈവത്തിന്റെ ആളത്വവും പ്രവൃത്തിയും :** ഉൽപത്തി പുസ്തകം ദൈവത്തെ ഒരു വ്യക്തിയായി നാമങ്ങളാലും പ്രവൃത്തികളാലും വെളിപ്പെടുത്തുന്നു.

1. സർവ്വജ്ഞാനിയും സർവ്വശക്തനുമായ ദൈവം അ. 1-2
2. സ്നേഹവും കരുണയുമുള്ള ദൈവം അ. 3-5
3. വിശുദ്ധനും നീതിമാനുമായ ദൈവം അ. 6-9
4. സർവ്വാധികാരിയായ ദൈവം അ. 10-11
5. രക്ഷകനായ ദൈവം അ. 12-25
6. വിശ്വസ്തനായ ദൈവം. അ. 25-26
7. കൃപയുള്ള ദൈവം അ. 27-36
8. കരുതുന്ന ദൈവം അ. 37-50

**മനുഷ്യൻ**

1. ദൈവ സ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ടവൻ 1:27-30
2. സ്വതന്ത്ര ചിന്താഗതിയിൽ പാപം ചെയ്തവൻ 3:1-7
3. പാപസ്വാധീനത്തിൽ ജീവിക്കുന്നവൻ 20:1-18
4. ദൈവസാന്നിദ്ധ്യം ആഗ്രഹിക്കുന്നവൻ

**ഉൽപത്തി പുസ്തകം പ്രായോഗിക തലത്തിൽ**

1. ദൈവത്തെ അനുസരിക്കുക
2. ദൈവത്തിൽ വിശ്വസിക്കുക
3. ദൈവത്തിൽ ആശ്രയിക്കുക
4. ദൈവത്തോടു സംസാരിക്കുക/കൂട്ടായ്മ ആചരിക്കുക
5. ദൈവത്തിന് പ്രവർത്തിക്കാൻ അവസരം നൽകുക

**പ്രധാന പ്രതിപാദ്യ വിഷയങ്ങൾ**

1. സൃഷ്ടി
2. പാപം
3. വീടെുപ്പ്/രക്ഷ
4. സാത്താൻ
5. മരണം

6. ധാർമ്മികത
7. വിവാഹം
8. ആരാധന

**അദ്ധ്യായ പ്രതിപാദ്യങ്ങൾ :** ഓരോ അദ്ധ്യായത്തിലും കേന്ദ്ര പ്രതിപാദ്യ വിഷയങ്ങളു്. അവയെക്കുറിച്ചറിഞ്ഞിരിക്കുന്നതു പുസ്തക പഠനത്തിന് കൂടുതൽ സഹായകമാകും.

1. സൃഷ്ടി
2. സൃഷ്ടിവിവരണം
3. മനുഷ്യന്റെ വീഴ്ച
4. ആദ്യകൊലപാതകം (കയീനും ഹാബേലും)
5. വംശാവലി
6. ജലപ്രളയം
7. ജലപ്രളയം
8. ജലപ്രളയം
9. മഴവില്ല്
10. വംശാവലി
11. ബാബേൽ ഗോപുരം
12. അബ്രഹാമിന്റെ വിളി
13. ഇടയന്മാരുടെ പോരാട്ടം
14. ലോത്തിനെ തട്ടിക്കൊുപോകുന്നു
15. ദൈവത്തിൽ വിശ്വസിക്കുന്ന അബ്രഹാം
16. യിശ്മായേലിന്റെ ജനനം
17. അബ്രാം അബ്രാഹാമായി മാറുന്നു
18. അബ്രഹാം സൊദോമിന്നു വേി പ്രാർത്ഥിക്കുന്നു
19. സൊദോമിന്റെ നാശം
20. അബ്രഹാം സാറായിയെക്കുറിച്ചു കള്ളം പറയുന്നു
21. യിസഹാക്കിന്റെ ജനനം
22. യിസഹാക്കിനെ യാഗമർപ്പിക്കുന്നു
23. സാറായിയുടെ മരണം
24. യിസഹാക്കിന്റെ വിവാഹം
25. അബ്രഹാമിന്റെ മരണം

26. അബ്രഹാമിനുള്ള ഉടമ്പടി യിസഹാക്കിൽ ഉറപ്പിക്കുന്നു
27. ഏശാവ് ജ്യേഷ്ഠാവകാശം വിൽക്കുന്നു
28. അബ്രഹാമിനുള്ള ഉടമ്പടി യാക്കോബിൽ ഉറപ്പിക്കുന്നു
29. യാക്കോബിന്റെ വിവാഹം
30. യാക്കോബിന്റെ മൃഗസമ്പത്ത്
31. യാക്കോബും ലാബാനും വേർപിരിയുന്നു
32. യാക്കോബ് ഇസ്രായേൽ ആയി മാറുന്നു
33. യാക്കോബും ഏശാവും ഒന്നിക്കുന്നു
34. ദീനയ്ക്കു സംഭവിച്ച വ്യഥ
35. റാഹേലും യിസഹാക്കും മരിക്കുന്നു
36. ഏശാവിന്റെ വംശാവലി
37. യോസേഫിന്റെ സ്വപ്നവും അടിമത്വവും
38. യഹൂദയുടെ ലജ്ജ
39. യോസേഫ് പോത്തീഫറിന്റെ വീട്ടിൽ
40. പാനപാത്രവാഹകന്റെയും അപ്പക്കാരന്റെയും സ്വപ്നം
41. കൃഷിമന്ത്രിയായ യോസേഫ്

42,43. യോസേഫിന്റെ സഹോദരന്മാർ മിസ്രയീമിൽ വരുന്നു

44. ബെന്യാമീനും വെള്ളിപാത്രവും
45. യോസേഫ് തന്നെത്താൻ വെളിപ്പെടുത്തുന്നു
46. യാക്കോബും കുടുംബവും മിസ്രയീമിലേക്ക്
47. യോസേഫും ഫറവോനും
48. യോസേഫിനുള്ള ഇരട്ടി അവകാശം
49. യാക്കോബിനു തന്റെ മക്കളെക്കുറിച്ചുള്ള ദർശനം
50. യാക്കോബും യോസേഫും മരിക്കുന്നു

**ഉപസംഹാരം:** മനുഷ്യവർഗ്ഗത്തിന്റെ ആത്മീകവും ഭൗതികവുമായ ജീവിതത്തിന്റെ കേന്ദ്രമാണ് ഉൽപത്തി പുസ്തകം. മനുഷ്യന്റെ സൃഷ്ടി, പതനം, ദൈവത്തിന്റെ കരുണ ഇവ ആവർത്തിച്ചു വെളിപ്പെടുന്നു. നാം ആര്, എന്തുകൊ്, നാം എപ്രകാരമായിരിക്കണം ഇനി എന്തു സംഭവിക്കും തുടങ്ങിയ വിഷയങ്ങൾ വ്യക്തമായി പ്രതിപാദിച്ചിരിക്കുന്നു. പാപികളായ മനുഷ്യവർഗ്ഗത്തോടുള്ള ദൈവകൃപയുടെ വ്യാപാരം നാം ഈ പുസ്തകത്തിൽ അടുത്തറിയുന്നു.

# എഴുത്തുകാർ



**ഡോ. ജോൺസൺ സി. ഫിലിപ്പ് :** ഊർജ്ജ തന്ത്രത്തിലും ദൈവശാസ്ത്രത്തിലും ഡോക്ടറേറ്റു നേടിയിട്ടുള്ള ഇദ്ദേഹം ക്രിസ്തീയ ന്യായവാദജ്ഞനും എഴുത്തുകാരനുമാണ്. ഇദ്ദേഹത്തിന്റെ തൂലികയിൽ നിന്നും 7000ൽപരം ലേഖനങ്ങളും 75ൽപരം പുസ്തകങ്ങളും ക്രൈസ്തവ കൈരളിക്കു ലഭിച്ചിട്ടു്.



**ഡോ. സനീഷ് ചെറിയാൻ :** സോഷ്യോളജിയിൽ ബിരുദാനന്തര ബിരുദവും ദൈവശാസ്ത്രത്തിലും വേദപുസ്തക ശാസ്ത്രത്തിലും ഡോക്ടറേറ്റും നേടിയിട്ടുള്ള ഇദ്ദേഹം സോഷ്യോളജിയിൽ ഗവേഷണം നടത്തുന്നു. ഇദ്ദേഹം സമ്പൂർണ്ണ ദൈവശാസ്ത്രം, ക്രിസ്തീയ ന്യായവാദശാസ്ത്രം, സത്യം ബൈബിൾ എൻസൈക്ലോപീഡിയ തുടങ്ങിയ ഗ്രന്ഥങ്ങളുടെ രചനയിൽ പങ്കുവഹിച്ചിട്ടു്.

❖❖❖